നിർവ്വഹണത്തിന് ചില പ്രൊമോട്ടർമാരെ പിന്തിരിപ്പിക്കാൻ കാരണമായിട്ടുണ്ട്. താൽപ്പര്യപത്രം ഒപ്പുവച്ചിട്ടും നിലവിൽ പദ്ധതി ആരംഭിക്കാത്തതുമായ പ്രൊമോട്ടർമാരുമായി സർക്കാർ ചർച്ച നടത്തി അനുയോജ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നടപടി

166 (551) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

റബ്ബർ അസംസ്കൃത വസ്തുവായുള്ള പുതിയ വൻകിട വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്ത് മൂല്യ വർദ്ധിത റബ്ബർ ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി കേരള റബ്ബർ ലിമിറ്റഡ് എന്ന ഒരു കമ്പനി 2019 മേയ് മാസം രൂപീകരിച്ചിട്ടുണ്ട്. ഉയർന്ന വളർച്ചാ നിരക്ക്, പ്രകൃതിദത്ത റബ്ബറിന്റെ (എൻ.ആർ.) ഉയർന്ന ഉപഭോഗം, മികച്ച കയറ്റുമതി സാദ്ധ്യത, ഉയർന്ന പ്രവർത്തന മാർജിൻ തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് ഉൽപാദിപ്പിക്കപ്പെടേണ്ട റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങൾ കണ്ടെത്തി മൂല്യവർദ്ധന സംരംഭങ്ങളുടെ വ്യവസായം പ്രോത്സാഹിപ്പിക്കുകയും ത്വരിതപ്പെടുത്തുകയുമാണ് കേരള റബ്ബർ ലിമിറ്റഡിന്റെ പ്രവർത്തനോദ്ദേശ്യം. പ്രകൃതിദത്ത റബ്ബറിന്റെ മൂല്യവർദ്ധനവ് സുഗമമാക്കുക, റബ്ബർ കർഷകർക്ക് മെച്ചപ്പെട്ട വില സാക്ഷാത്കാരം ഉറപ്പാക്കുക എന്നിവ ലക്ഷ്യമിട്ടാണ് കെ.ആർ.എൽ.-ന് രൂപം നൽകിയിരിക്കുന്നത്.

(ബി) നിലവിൽ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന റബ്ബറിന്റെ എത്ര ശതമാനം സംസ്ഥാനത്തിനകത്ത് മൂല്യവർദ്ധിത ഉൽപ്പന്നമായി മാറ്റുന്നുണ്ടെന്ന് അറിയിക്കുമോ?

ഇതുസംബന്ധിച്ച കണക്ക് വ്യവസായ വകുപ്പിൽ ശേഖരിച്ചിട്ടില്ല.

(സി) കേരളത്തിലെ റബർ ഉൽപ്പാദനത്തിലെ വളർച്ചയും അത് സമ്പദ് വ്യവസ്ഥയ്ക്ക് നൽകുന്ന നേട്ടവും സംബന്ധിച്ച് വ്യവസായ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് വർഷത്തെ വസ്തുതകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ?

റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യത മുന്നിൽ കണ്ട് വകുപ്പ് വഴി നടപ്പിലാക്കി വരുന്ന സുപ്രധാന സാമ്പത്തിക

LIBRARY ARCHIVES Kerala Legislative Assembly

സഹായ പദ്ധതിയായ സംരംഭക സഹായ പദ്ധതിയിൽ (ESS) റബ്ബർ അധിഷ്ഠിത വ്യവസായങ്ങളെ (Rubber based industries) മുൻഗണനമേഖലയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം സംരംഭങ്ങൾക്ക് പൊതുവിഭാഗത്തിന് നൽകുന്നതിൽനിന്നും 10% (പരമാവധി 10 ലക്ഷം രൂപ) അധിക സബ്സിഡി അനുവദിക്കുന്നുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിലെ എം.ഐ.എസ്. പ്രകാരമുള്ള കണക്കുകൾ അനുസരിച്ച് റബ്ബർ മേഖലയിൽ മുൻ വർഷങ്ങളിൽ താഴെപ്പറയും പ്രകാരം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

| വർഷം | എണ്ണം |
|---|---|
| 2016-17 | 102 |
| 2017-18 | 81 |
| 2018-19 | 97 |
| 2019-20 | 79 |
| 2020-21 | 66 |
| 2021-22 ആഗസ്റ്റ് വരെ | 26 |

**വ്യവസായ സംരംഭങ്ങളിലൂടെ പുതിയ തൊഴിലവസരങ്ങൾ**

167 (552) ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരും ആശയസമ്പന്നരുമായ യുവ തലമുറയ്ക്ക് വ്യവസായ സംരംഭങ്ങളിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുവാനും വ്യവസായ മേഖലയിൽ പുതിയ കാൽവയ്പ്പുകൾ നടത്തുവാനും വേണ്ടി സർക്കാർ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിൽ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന യുവ തലമുറ ഉൾപ്പെടുന്ന വിദഗ്ദ്ധ തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിലവസരങ്ങൾ നേടിക്കൊടുക്കുക, അവിദഗ്ദ്ധ തൊഴിലാളികളെ നൈപുണ്യ വികസന പരിശീലനത്തിലൂടെ ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരാക്കി മാറ്റുക, തൊഴിലാളികൾക്ക് ആവശ്യമുള്ള തൊഴിലുപകരണങ്ങൾ ലഭ്യമാക്കുക, സമൂഹത്തിന് മികച്ച തൊഴിൽ സൗഹൃദാന്തരീക്ഷം ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സംസ്ഥാനത്തെ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും ഭൂമാതിർത്തിക്കുള്ളിൽ ഒന്നോ അതിലധികമോ വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിന് സർക്കാർ ലക്ഷ്യമിടുകയും സംഘങ്ങൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly